പതിമൂന്നാം കേരള നിയമസഭ

# ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി

# (2014-2016)

## ആറാമത് റിപ്പോർട്ട്

(ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ കടങ്ങോട് വില്ലേജിൽ പട്ടികജാതിക്കാർക്ക് കൃഷിഭൂമി നൽകിയത് സംബന്ധിച്ച് തയ്യാറാക്കിയ റിപ്പോർട്ട്)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2016

പതിമൂന്നാം കേരള നിയമസഭ

# ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2014-2016)

## ആറാമത് റിപ്പോർട്ട്

(ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ കടങ്ങോട് വില്ലേജിൽ പട്ടികജാതിക്കാർക്ക് കൃഷിഭൂമി നൽകിയത് സംബന്ധിച്ച് തയ്യാറാക്കിയ റിപ്പോർട്ട്)**

297/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 8 |

# ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി
## (2014-2016)

## സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വി. എസ്. സുനിൽ കുമാർ

അംഗങ്ങൾ

ശ്രീ. പി. കെ. ബഷീർ

" ജെയിംസ് മാത്യു

ഡോ. എൻ. ജയരാജ്

ശ്രീ. ജോസഫ് വാഴയ്ക്കൻ

" കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

" ലൂഡി ലൂയിസ്

" എ. പ്രദീപ്കുമാർ

" കെ. എസ്. ശബരീനാഥൻ.

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

" കെ. മുരളീധരൻ നായർ, അഡീഷണൽ സെക്രട്ടറി

" സന്തോഷ് വി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി രജനി വി. ആർ., അണ്ടർ സെക്രട്ടറി.

# ആമുഖം

ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2014-2016)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ക്ഷേമം, സമത്വം എന്നിവ ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തി നിരവധി പരിപാടികളാണ് സർക്കാർ ആസൂത്രണം ചെയ്തുവരുന്നത്. ആസൂത്രണത്തിലെ പിഴവുകൊണ്ടും നടത്തിപ്പിലെ പോരായ്മകൊണ്ടും അവലോകന പരിപാടികളിലെ പിടിപ്പുകേട് നിമിത്തവും ക്രമക്കേടുകൾക്കും പിഴവുകൾക്കും ഇടനൽകുന്നതു വഴി ക്ഷേമ പരിപാടികൾ ഒരിക്കലും വിജയം കണ്ടെത്താനാവാത്ത സ്ഥിതിവിശേഷമാണ് സംജാതമായിരിക്കുന്നത്.

പട്ടികജാതിക്കാരുടെ ക്ഷേമം ലക്ഷ്യമിട്ട് തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ കടങ്ങോട് വില്ലേജിൽ പട്ടികജാതി കുടുംബങ്ങൾക്ക് കൃഷി ചെയ്ത് ജീവിക്കുന്നതിനായി 1970-ൽ 87 ഏക്കർ ഭൂമി സർക്കാർ നൽകുകയുണ്ടായി. നിലവിൽ പ്രസ്തുത ഭൂമിയിൽ ഒരു പട്ടികജാതിക്കാരൻ പോലും കൃഷി ചെയ്ത് ജീവിക്കുന്നില്ലായെന്ന് സമിതി കണ്ടെത്തുകയുണ്ടായി. മുൻ ഖണ്ഡികയിൽ സൂചിപ്പിച്ച സ്ഥിതിവിശേഷം സംജാതമായതിന്റെ അടിസ്ഥാനത്തിലാണ് ഈ അവസ്ഥയുണ്ടായതെന്ന് സമിതി കണ്ടെത്തുകയുണ്ടായി. സമിതി നടത്തിയ പരിശോധനകളുടേയും തെളിവെടുപ്പുകളുടേയും അടിസ്ഥാനത്തിൽ ഈ അവസ്ഥ ഭാവിയിൽ ഒരിക്കൽപ്പോലും ഉണ്ടാകാതിരിക്കുന്നതിനുള്ള മാർഗ്ഗങ്ങളും നിർദ്ദേശങ്ങളും സർക്കാരിന് സമർപ്പിക്കുന്നതിനുള്ള ശിപാർശകളായി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത ശിപാർശകളും നിർദ്ദേശങ്ങളും ഭാവി പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശമായിത്തീരുമെന്ന് കരുതുന്നു.

കേരള നിയമസഭയുടെ ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ 13-1-2016-ൽ ചേർന്ന യോഗം ഈ റിപ്പോർട്ട് അംഗീകരിക്കുകയുണ്ടായി.

വി. എസ്. സുനിൽ കുമാർ,

*അദ്ധ്യക്ഷൻ,*

*ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 24.

# റിപ്പോർട്ട്

ഒമ്പതാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിൽ തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ പട്ടികജാതിക്കാർക്കായി അനുവദിച്ച 87 ഏക്കർ ഭൂമി മറ്റ് ആൾക്കാർ കയ്യേറിയ സംഭവത്തിന്മേൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. വി. വി. രാഘവൻ, എം. എൽ. എ. റൂൾ 50 അനുസരിച്ച് 1994 ആഗസ്റ്റ് 8-ാം തീയതി നോട്ടീസ് നൽകിയിരുന്നു. ഇതിന്മേൽ റവന്യൂവും നിയമവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ 1970-ലെ ആരബിൾ ഫോറസ്റ്റ് ലാന്റ് അസൈൻമെന്റ് റൂൾസ് പ്രകാരം തലപ്പിള്ളി താലൂക്കിലെ കടങ്ങോട്ട് വില്ലേജിൽ ഒരു പട്ടികജാതി കുടുംബത്തിന് ഒരേക്കർ എന്ന കണക്കിൽ 87 കുടുംബങ്ങൾക്ക് 87 ഏക്കർ ഭൂമി പതിച്ചു നൽകിയെങ്കിലും ഗുണഭോക്താക്കൾ സമയത്ത് ഭൂമി കൈവശപ്പെടുത്തിയില്ലായെന്നും ഇതിൽ 28 ഏക്കർ ഭൂമി മറ്റ് ആൾക്കാർ അനധികൃതമായി കൈവശപ്പെടുത്തിയെന്നും കൂടാതെ 30 ഏക്കർ ഭൂമി സോഷ്യൽ ഫോറസ്ട്രിക്കുവേണ്ടി വനം വകുപ്പും എടുത്തുവെന്നും ബാക്കി കുറച്ചു ഭൂമിയെ തൽക്കാലം പതിച്ചുകൊടുത്തവർക്കായി ശേഷിപ്പുള്ളൂയെന്നുമാണ് അറിയിച്ചിരുന്നത്. 1993 മേയ് മാസത്തിൽ തലപ്പിള്ളി താലൂക്ക് ഓഫീസിനുമുമ്പിൽ ബന്ധപ്പെട്ടവരുടെ സമരം നടന്നിരുന്നു. തൃശ്ശൂർ ആർ. ഡി. ഒ. സംഭവത്തെക്കുറിച്ച് വിശദമായി അന്വേഷിച്ചതിന്റെ റിപ്പോർട്ട് 3-8-1994-നാണ് ഗവൺമെന്റിന് ലഭിച്ചത്. ആർ. ഡി. ഒ.-യുടെ അന്വേഷണ റിപ്പോർട്ട് ഗവൺമെന്റ് അംഗീകരിച്ചിരുന്നു. സംഭവത്തെക്കുറിച്ച് വിശദമായ വിജിലൻസ് അന്വേഷണം നടത്താനും കൈവശപ്പെടുത്താതെ ബാക്കിവന്ന ഭൂമി അർഹരായവർക്ക് നൽകാനും സർവ്വേ ആന്റ് ലാന്റ് റെക്കോർഡ്സ് വിഭാഗവും തലപ്പിള്ളി തഹസിൽദാരും ചേർന്ന് ബാക്കിയുള്ള ഭൂമിയുടെ അളവ് തിരിച്ച് അർഹമായ പട്ടികജാതിക്കാർക്ക് നൽകാനുമാണ് ആർ. ഡി. ഒ. ശിപാർശ ചെയ്തത്. അന്യർ കൈവശപ്പെടുത്തിയ ഭൂമിയിൽ നിരവധി സിവിൽ കേസുകൾ നിലനിൽക്കയാൽ ഓരോ കേസ്സും പ്രത്യേകം പരിശോധിക്കേണ്ട സ്ഥിതിയാണ്. മെരിറ്റിന്റെ അടിസ്ഥാനത്തിൽ സിവിൽ കേസ്സുകൾ ബോദ്ധ്യമായിക്കഴിഞ്ഞാൽ ഭൂമി നൽകാൻ കഴിയുന്ന കാര്യം സമരക്കാരെ അറിയിച്ചിട്ടുണ്ട്. ഭൂമി അനുവദിക്കപ്പെട്ട പട്ടികജാതിക്കാർക്ക് ഗുണകരമായ തീരുമാനം ഇക്കാര്യത്തിൽ സർക്കാർ എടുക്കുമെന്നും സഭയെ മന്ത്രി അറിയിക്കുകയുണ്ടായി.

2. 87 പട്ടികജാതി കുടുംബങ്ങൾക്കായി പതിച്ചു നൽകിയ 87 ഏക്കർ ഭൂമി അന്യർ കൈവശപ്പെടുത്തിയതാണ് സാഹചര്യമെന്നും തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ അനുവദിച്ച ഭൂമി അവർ കൈവശപ്പെടുത്താൻ ചെന്നപ്പോൾ വേറെയാളുകൾ നേരത്തെ

അവകാശമുറപ്പിക്കാൻ തുടങ്ങിക്കഴിഞ്ഞിരുന്നുവെന്നും 87 പട്ടികജാതി കുടുംബങ്ങൾക്ക് ഗവൺമെന്റ് അനുവദിച്ച ഭൂമി മറ്റുചിലർ കൈവശപ്പെടുത്തിയതുകൊണ്ട് പട്ടികജാതി കുടുംബങ്ങൾ ഗാന്ധിയൻ മാതൃകയിൽ തലപ്പിള്ളി താലൂക്കാഫീസിനു മുൻപിൽ സത്യാഗ്രഹവും ധർണ്ണയും നടത്തിവരികയാണെന്നും എം. എൽ. എ. അറിയിക്കുകയുണ്ടായി. ഭൂമി കൈവശപ്പെടുത്തിയവർ കോടതിയിൽ കേസ് കൊടുത്തിരിക്കുകയാണ്. കോടതിയിൽ കേസ്സുണ്ടെന്നു പറഞ്ഞ് പട്ടികജാതി കുടുംബങ്ങൾക്ക് നീതി നിഷേധിക്കുന്നത് ശരിയല്ല. ഭൂമി കയ്യേറിയവരെ ഒഴിപ്പിച്ച് പട്ടികജാതി കുടുംബങ്ങൾക്ക് ആ ഭൂമി നൽകേണ്ട ചുമതല ഗവൺമെന്റിനാണ്. കയ്യേറിയ ഭൂമിയുടെ കുറെ ഭാഗം സോഷ്യൽ ഫോറസ്ട്രിക്കാർ വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചിരിക്കുകയാണ്. ഇക്കാര്യങ്ങളെക്കുറിച്ച് വിജിലൻസ് എൻക്വയറി നടത്തി ഗവൺമെന്റ് പട്ടികജാതി കുടുംബങ്ങൾക്ക് അനുവദിച്ച ഭൂമി അവർക്കുതന്നെ കൊടുക്കാൻ വേണ്ടിയുള്ള അടിയന്തര നടപടി സ്വീകരിക്കണം തുടങ്ങിയ കാര്യങ്ങൾ ശ്രീ. വി. വി. രാഘവൻ, എം. എൽ. എ. സഭയിൽ ആവശ്യപ്പെടുകയുണ്ടായി.

3. പട്ടികജാതിക്കാർക്ക് അനുവദിച്ച ഭൂമി അവർക്കുതന്നെ കൊടുക്കാൻവേണ്ടി എത്രയുംവേഗം നടപടികൾ പൂർത്തിയാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. അർഹരായവർക്ക് ഭൂമി നൽകാനുള്ള നിയമപരമായ എല്ലാ നടപടികളും സർക്കാർ കൈക്കൊള്ളുന്നതാണ്. കോടതിയിലുള്ള കേസ്സിനെ സംബന്ധിച്ചിടത്തോളം പട്ടികജാതി കുടുംബങ്ങൾക്ക് അനുകൂലമായ വിധി സമ്പാദിക്കുന്നതിന് സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കും. 1970 മുതൽ 1990 വരെയുള്ള കയ്യേറ്റമാണിത്. മാറിമാറിവന്ന ഗവൺമെന്റുകളുടെ കാലത്തൊന്നും ഒഴിവാക്കാൻ ശ്രമിക്കാത്തത് ഈ ഗവൺമെന്റ് മുൻകൈയെടുത്ത് ഒഴിപ്പിക്കാൻ ശ്രമിക്കുന്നതിന് ഈ ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ് വേണ്ടത്. പട്ടികജാതിക്കാർക്ക് അനുവദിച്ച ഭൂമി അവർക്കുതന്നെ കിട്ടുന്നതിന് നിയമപരമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കും. കൃത്രിമമായ രേഖ ആരാണ് ഉണ്ടാക്കിയത് എന്നറിയാൻ വേണ്ടിയാണ് വിജിലൻസ് അന്വേഷണം നടത്തുന്നത്. ഈ ഭൂമിയിൽ നിന്ന് അനർഹരായവരെ ഒഴിപ്പിക്കുകയും അർഹരായവർക്ക് ഭൂമി നൽകുകയും ചെയ്യും തുടങ്ങിയ ഉറപ്പുകൾ സഭാതലത്തിൽ റവന്യൂവും നിയമവും വകുപ്പുമന്ത്രി നൽകുകയുണ്ടായി.

4. ആദിവാസികൾക്ക് ഗവൺമെന്റ് കൊടുത്ത ഭൂമി കയ്യേറ്റക്കാരിൽനിന്ന് വീണ്ടെടുത്ത് അവർക്ക് ലഭ്യമാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കാതെ വിജിലൻസ് എൻക്വയറിയുമായി പോകുന്നത് ശരിയല്ലെന്നും പട്ടികജാതിക്കാരിൽനിന്ന് തട്ടിപ്പറിച്ച ഭൂമി പട്ടികജാതിക്കാർക്കുതന്നെ തിരികെ നൽകാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്നും പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ആവശ്യപ്പെടുകയുണ്ടായി.

5. പട്ടികജാതിക്കാർക്കനുകൂലമായ രീതിയിൽ ഗവൺമെന്റ് അതുമായി ബന്ധപ്പെട്ട കേസ് കൈകാര്യം ചെയ്യുമെന്നും എത്രയുംവേഗം ഇക്കാര്യത്തിൽ തീരുമാനമുണ്ടാക്കി അലോട്ടീസിന് ഭൂമി നൽകാൻ ഗവൺമെന്റ് ശ്രമിക്കുമെന്നും, ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നും വീഴ്ചകൾ ഉണ്ടായിട്ടുണ്ടോ എന്നു പരിശോധിക്കുന്നതിന് വിജിലൻസ് അന്വേഷണം നടത്തുന്നതാണെന്നും അർഹരായവർക്ക് ഭൂമി നൽകുന്ന കാര്യത്തിൽ ഗവൺമെന്റ് അങ്ങേയറ്റം ആത്മാർത്ഥത കാണിക്കുമെന്നും സഭാതലത്തിൽ മന്ത്രി ആവർത്തിച്ച് ഉറപ്പു നൽകുകയുണ്ടായി.

6. വിഷയത്തിന്മേൽ സഭാതലത്തിൽ നൽകിയ മേൽ ഉറപ്പുകൾ ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ 1994 ഡിസംബർ 7-ാം തീയതി ചേർന്ന യോഗം ഉറപ്പായി അംഗീകരിക്കുകയും തുടർനടപടികൾക്കായി റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു.

7. തുടർന്ന് നിലവിൽവന്ന ഉറപ്പുകൾ സംബന്ധിച്ച സമിതികൾ ഇക്കാര്യത്തിൽ സർക്കാരിൽ നിന്ന് നിരവധി തവണ തെളിവെടുപ്പുകൾ നടത്തുകയും നടപടികൾ ത്വരിതപ്പെടുത്താനായി നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. മേൽ വർഷങ്ങൾ നിരവധി കഴിഞ്ഞിട്ടും സഭാതലത്തിൽ നൽകിയ ഉറപ്പുകൾ പാലിക്കുവാൻ സർക്കാരിന് ഇതുവരെയും കഴിഞ്ഞിട്ടില്ല എന്ന വസ്തുത പരിഗണിച്ച് 13-ാം കേരള നിയമസഭയുടെ ഉറപ്പുകൾ സംബന്ധിച്ച സമിതി 6-5-2014-ൽ തൃശ്ശൂർ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും പരാമർശ സ്ഥലങ്ങൾ സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തു. തുടർന്ന് ലഭ്യമാക്കിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ 2014 നവംബർ 19-ന് തിരുവനന്തപുരത്തു വച്ച് വിശദമായ ചർച്ച നടത്തുകയും ഉദ്യോഗസ്ഥരിൽനിന്നും വിശദീകരണം ആരായുകയും ചെയ്തിരുന്നു.

8. മേൽ സന്ദർശനത്തിന്റെയും തെളിവെടുപ്പുകളുടെയും ലഭ്യമാക്കിയ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ സമിതി താഴെപ്പറയുന്ന നിഗമനങ്ങളിൽ എത്തിച്ചേരുകയുണ്ടായി:

(1) തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ കടങ്ങോട് വില്ലേജിൽ സർവ്വേ നമ്പർ 539-ൽപ്പെട്ട വനഭൂമി റവന്യൂ വകുപ്പിന് കൈമാറുകയും പ്രസ്തുത ആരബിൾ ഫോറസ്റ്റ് ലാൻഡ് 87 പട്ടികജാതി കുടുംബങ്ങൾക്ക് കൃഷിക്കുവേണ്ടി ഒരേക്കർ വീതം പതിച്ചു നൽകാനായി തീരുമാനിക്കുകയും 1970-ൽ പ്രസ്തുത ഭൂമി പതിച്ചു നൽകുകയും ചെയ്തു.

(2) ഇതിൽ 30 ഏക്കർ ഭൂമി സാമൂഹ്യവനവൽക്കരണത്തിനായി വനം വകുപ്പു തന്നെ തിരിച്ചെടുക്കുകയും അക്കേഷ്യ വച്ചു പിടിപ്പിക്കുകയും ചെയ്തു.

(3) ഇതിനുപകരം തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ പഴയന്നൂർ വില്ലേജിൽ സർവ്വേ നമ്പർ 1360-ൽ ഒരേക്കർ വീതം 30 കുടുംബങ്ങൾക്ക് പതിച്ച നൽകാൻ തീരുമാനിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്തിരുന്നു.

(4) കടങ്ങോട് വില്ലേജിൽ പട്ടയം ലഭിച്ച 57 പേരിൽ 54 പേരും തങ്ങൾക്ക് കിട്ടിയ ഭൂമി രജിസ്റ്റേഡ് ആധാരപ്രകാരം മറ്റുള്ളവർക്ക് കൈമാറിയിട്ടുണ്ട്. 3 പേർ പട്ടയം കൈപ്പറ്റിയിട്ടില്ല.

(5) പഴയന്നൂർ വില്ലേജിൽ നൽകിയ 30 പട്ടയങ്ങളിൽ 3 എണ്ണത്തിൽ പട്ടയ കൈമാറ്റം നടന്നിട്ടില്ല. ബാക്കിയുള്ള 27 പട്ടയങ്ങളിൽ 21 എണ്ണത്തിലും രജിസ്റ്റേഡ് ആധാരപ്രകാരം മറ്റുള്ളവർക്ക് വസ്തു കൈമാറ്റം നടത്തിക്കഴിഞ്ഞു. അവിടത്തെ നിലവിലെ മറ്റു കൈവശക്കാർ വീടുവച്ചും കൃഷിചെയ്തും താമസിച്ചുവരുന്നുണ്ട്.

(6) കടങ്ങോട് വില്ലേജിൽ പട്ടികജാതിക്കാർക്ക് നൽകിയ 57 ഏക്കറിൽ നിലവിൽ പത്ത് കരിങ്കൽ ക്വാറികൾ നിയമാനുസൃതം പ്രവർത്തിച്ച വരുന്നതായി രേഖകളിൽ കാണുന്നു.

(7) മേൽപ്പറഞ്ഞ 57 ഏക്കർ ഭൂമിയിൽ പട്ടികജാതിക്കാർ ആരുംതന്നെ കൃഷിചെയ്യുന്നില്ല. ക്വാറികൾ പ്രവർത്തിക്കാത്ത ഭൂമി തരിശായി ഒഴിഞ്ഞു കിടക്കുകയാണ്.

(8) പട്ടികജാതി കുടുംബങ്ങൾക്ക് കൃഷിക്കായി പതിച്ച നൽകിയ 87 ഏക്കറിൽ ഒരു പട്ടികജാതിക്കാരൻ പോലും നിലവിൽ കൃഷി ചെയ്യുന്നില്ല.

(9) 87 ഏക്കറിൽ 81 ഏക്കറും പട്ടികജാതിക്കാരിൽ നിന്ന് മറ്റുള്ളവർ കൈക്കലാക്കുകയും നിയമാനുസൃതമുള്ള രേഖകൾ സഹിതം കൈവശം വച്ച് അനുഭവിക്കുകയും ചെയ്യുന്നു.

(10) ഇവിടെ സർക്കാർ നൽകിയ പട്ടയങ്ങൾ എല്ലാംതന്നെ പട്ടികജാതിക്കാരിൽ നിന്നും കൈമാറ്റം ചെയ്യപ്പെടാൻ സാദ്ധ്യതയുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതായിരുന്നു. പട്ടയ രേഖകളിൽ അത്തരത്തിലുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയതു വഴി ഉദ്യോഗസ്ഥർ വൻ അഴിമതിക്ക് ഇടം നൽകിയിരിക്കുകയായിരുന്നു.

(11) പട്ടികജാതിക്കാർക്ക് പതിച്ചുനൽകിയ ഭൂമിയിൽ അനധികൃത കയ്യേറ്റങ്ങൾ നടക്കുകയും കയ്യേറ്റക്കാർ പട്ടയം സമ്പാദിക്കുന്ന സ്ഥിതിവിശേഷം ഉണ്ടാകുകയും ചെയ്തു. ഇത്തരത്തിൽപ്പെട്ട 18 കേസുകൾ കടങ്ങോട് വില്ലേജിലെ പ്രസ്തുത ഭൂമിയിൽ നടന്നിട്ടുള്ളതായി സമിതിക്ക് വ്യക്തമാകുകയുണ്ടായി.

(12) പരാമർശ ഭൂമിയിലെ 18 അനധികൃത കയ്യേറ്റങ്ങൾ സഭാതലത്തിൽ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം നടത്തി കയ്യേറ്റക്കാർ സമ്പാദിച്ച പട്ടയങ്ങൾ റദ്ദ് ചെയ്യുകയും പട്ടികജാതിക്കാർക്കു തിരികെ നൽകുകയും ചെയ്തിട്ടുള്ളതായി സമിതി മനസിലാക്കുന്നു. എന്നാൽ കയ്യേറ്റക്കാർക്ക് ഭൂമിയിൽ അവകാശം നൽകിക്കൊണ്ടു പ്രവർത്തിച്ച ഉദ്യോഗസ്ഥർക്കെതിരെ ഒരു നടപടിയും ഇതുവരെയും സ്വീകരിച്ചിട്ടില്ല. പ്രസ്തുത നടപടി തുടർന്നും ഇത്തരം കയ്യേറ്റങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനു കാരണമായതായി സമിതി വിലയിരുത്തുന്നു.

(13) റദ്ദു ചെയ്തശേഷം പുതുതായി നൽകിയ പട്ടയങ്ങളിൽ പോലും കൈമാറ്റവ്യവസ്ഥകൾ ഉൾപ്പെടുത്തിയിരുന്നു. ഇത് സമിതിയുടെ മേൽ നിഗമനങ്ങൾ ശരിയാണെന്ന കാര്യം സ്ഥിതീകരിക്കുന്നു.

(14) ക്വാറികൾ നിയമപരമായ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് പ്രവർത്തിച്ചു വരുന്നതെന്ന റിപ്പോർട്ട് സർക്കാർ പരിശോധിച്ചതായി കാണുന്നില്ല. ക്വാറികൾ പ്രവർത്തിക്കുന്ന ഭൂമിയിലെ യഥാർത്ഥ അവകാശം സർക്കാർ പരിശോധിക്കാതെയാണ് ക്വാറികൾക്ക് അനുമതി നൽകിയിരിക്കുന്നത്.

(15) കടങ്ങോട് വില്ലേജിൽ കൃഷിക്കായി അനുവദിച്ച ഭൂമി ഒരിക്കലും കൃഷിക്ക് അനുയോജ്യമായിരുന്നില്ല.

(16) നിയമസഭാ തലത്തിലും സമിതി മുമ്പാകെയും പട്ടികജാതിക്കാർക്ക് നൽകിയ ഭൂമി അവർക്കുതന്നെ തിരികെ നൽകുമെന്ന് നിരവധി തവണ ഉറപ്പു നൽകിയിരുന്നു. അര നൂറ്റാണ്ടായിട്ടും പ്രസ്തുത വാഗ്ദാനം (1970 മുതൽ) ഇന്നും പാലിക്കപ്പെടാതെ അവശേഷിക്കുന്നു. ഒരു പട്ടികജാതിക്കാരൻ പോലും പ്രസ്തുത ഭൂമിയിൽ കൃഷി ചെയ്ത് ജീവിക്കുന്നതായി സമിതിക്ക് കണ്ടെത്താനുമായിട്ടില്ല.

(17) പട്ടികജാതിക്കാർക്ക് നൽകാനായി കൃഷിഭൂമി കണ്ടെത്തിയപ്പോൾ ആയത് കൃഷിക്ക് ഉപയുക്തമാണോ എന്ന കാര്യം അധികൃതർ ഉറപ്പാക്കിയിട്ടില്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതും അവർക്ക് ഭൂമി നൽകുന്നത് സംബന്ധിച്ചും വസ്തു കൈമാറ്റം ചെയ്യുന്നതു സംബന്ധിച്ചും പട്ടികജാതി വികസന വകുപ്പിൽ ഫയലുകളോ രേഖകളോ ഒന്നുംതന്നെ ഇല്ല. ഭൂമി ക്വാറികളുടെ പ്രവർത്തനത്തിന് നൽകിയപ്പോൾ പട്ടികജാതി വികസന വകുപ്പുമായി വിഷയം ചർച്ച ചെയ്തിട്ടുമില്ല.

(18) തലപ്പിള്ളി താലൂക്കിലെ കടങ്ങോട് വില്ലേജിലെ നിർദ്ദിഷ്ട ഭൂമി വിതരണത്തിലെ ഗുണഭോക്താക്കളോ അവരുടെ നിയമപരമായ അവകാശികളോ നിലവിൽ പരാതികളുമായി സർക്കാരിനെ സമീപിച്ചിട്ടില്ല എന്നാണ് സമിതി മനസിലാക്കുന്നത്. അത് ഒരു ന്യൂനതയായി സമിതി കാണുന്നില്ല. എന്നാൽ അതിൽ ദുരൂഹത നിലനിൽക്കുന്നു. ഉദ്ദേശിച്ച രീതിയിൽ ഭൂമി വിതരണം നടത്താത്തതും നിയമസഭാ തലത്തിലെ വാഗ്ദാനം പാലിക്കാത്തതും ഒരു വീഴ്ച തന്നെയാണ്. അതേസമയം പ്രസ്തുത ഭൂമി കൈവശപ്പെടുത്തി അനുഭവിക്കുന്നവരുടെ ഭൂമിയിന്മേലുള്ള അവരുടെ അവകാശം നിയമപ്രകാരം നിലനിൽക്കുന്നതുമാണ്. എന്നാൽ പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കണ്ടെത്തേണ്ടതുതന്നെയാണ്. അതേസമയം പട്ടികജാതി സമൂഹത്തിനോടുള്ള കടമ നിറവേറ്റപ്പെടേണ്ടതുമാണ്.

## സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും

9. പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും കൃഷിക്കും വീടു വയ്ക്കുന്നതിനുമായി ഭൂമി തെരഞ്ഞെടുക്കുമ്പോൾ ആയത് ഉപയോഗത്തിന് പറ്റിയതാണോയെന്ന കാര്യം ബന്ധപ്പെട്ട വകുപ്പുകൾ പരിശോധന നടത്തി അവരിൽ നിന്ന് സാക്ഷ്യപത്രം വാങ്ങേണ്ടതാണ്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോഴും പട്ടയവിതരണം നടത്തുമ്പോഴും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളെ കൂടി ബന്ധപ്പെടുത്തി നടപടിക്രമം പൂർത്തീകരിക്കേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നൽകിയ ഭൂമിയിന്മേൽ മറ്റൊരു വകുപ്പിനും അവകാശം ഉന്നയിക്കുന്നതിനോ മറ്റൊരു കാര്യത്തിനും അനുമതി നൽകുന്നതിനോ ഇട നൽകാത്ത തരത്തിലുള്ള നിയമനിർമ്മാണം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. പട്ടികജാതി/പട്ടികവർഗ്ഗകാർക്ക് ഇതുവരെ നൽകിയ ഭൂമി സംബന്ധിച്ച വിശദാംശങ്ങളും ഭാവിയിൽ ഭൂമി നൽകുമ്പോൾ അവ സംബന്ധിച്ച വിശദാംശങ്ങളും റവന്യൂ വകുപ്പിലും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിലും പ്രത്യേകമായി രജിസ്റ്റർ ചെയ്തു സൂക്ഷിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കേണ്ടതും ആയത് പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. ഇതിനുള്ള വ്യവസ്ഥകൾ ബന്ധപ്പെട്ട ചട്ടങ്ങളിൽ ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

11. പട്ടികജാതി/പട്ടികവർഗ്ഗകാർക്ക് സർക്കാർ നൽകുന്ന ഭൂമി അവരുടെ നിയമപരമായ അവകാശികൾക്കല്ലാതെ മറ്റാർക്കും തന്നെ കൈമാറ്റം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ പട്ടയവിതരണത്തിലോ നടപടികളിലോ ഉണ്ടാകരുതെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇതിനു വിരുദ്ധമായി കൈമാറ്റത്തിന് അനുമതി നൽകുന്ന വിധത്തിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെമേൽ കർശന ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനുമുള്ള വ്യവസ്ഥകൾ ബന്ധപ്പെട്ട ചട്ടങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്.

12. പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും സർക്കാർ നൽകുന്ന ഭൂമി അവർ തന്നെ ഉപയോഗിക്കുന്നുവെന്ന കാര്യം ബന്ധപ്പെട്ട ഭരണ വകുപ്പ് നിരന്തരം നിരീക്ഷിക്കുന്നതിനും ആയത് സംബന്ധമായ വിവരം വാർഷിക ഭരണ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

13. തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ നിർദ്ദിഷ്ട ഭൂമി വിതരണത്തിൽ റവന്യൂ, പട്ടികജാതി വികസനം, ഖനനം എന്നീ വകുപ്പുകൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും വീഴ്ച പറ്റിയതായി സമിതി വിലയിരുത്തുന്നു. ആയത് മാപ്പർഹിക്കാത്ത നടപടിയാണ്. ഇതിന് യുക്തമായ പരിഹാര നടപടി സ്വീകരിക്കേണ്ടതാണ്. പട്ടികവിഭാഗങ്ങൾക്ക് ഭൂമി നൽകുന്ന പ്രക്രിയ കേവലം യാന്ത്രികമായി പോകാതിരിക്കുവാൻ സർക്കാർ ശ്രദ്ധിക്കേണ്ടതാണ്. 1970-ൽ തലപ്പിള്ളി താലൂക്കിൽ നിർദ്ദിഷ്ട ഭൂമി നൽകുന്നതിനായി കണ്ടെത്തിയ 87 പട്ടികജാതി കുടുംബങ്ങളിൽ ഇന്ന് ജീവിച്ചിരിക്കുന്നവരോ ഇല്ലെങ്കിൽ അവരുടെ നിയമപരമായ പിൻതലമുറക്കാരെയോ പട്ടികജാതി വികസന വകുപ്പ് 4 മാസത്തിനുള്ളിൽ (2016 ജൂൺ 30-നകം) കണ്ടെത്തി വിവരം നിയമസഭാ സമിതിക്കു കൈമാറേണ്ടതാണ്. ഇവർക്കു ഇതുവരെയും മറ്റു രീതിയിൽ കൃഷിഭൂമി നൽകിയിട്ടില്ലെങ്കിൽ അടുത്ത 2017 മാർച്ചിനകം സർക്കാർതന്നെ വില നൽകി ഭൂമി വാങ്ങേണ്ടതും സമിതി ശിപാർശകൾക്ക് വിധേയമായി ഭൂമി കൈമാറേണ്ടതുമാണ്. ഈ രീതിയിൽ പട്ടികജാതി സമൂഹത്തിനോട് ചെയ്ത അനീതിക്ക് പരിഹാരം കാണേണ്ടതാണ്. ഇതിനായി ഒരു പ്രത്യേക നോഡൽ ഓഫീസറെ നിയോഗിച്ച് നടപടി പുരോഗതി നിയമസഭാ സമിതിക്ക് എല്ലാ മാസവും ലഭ്യമാക്കേണ്ടതാണ്.

14. സമിതിയുടെ ശിപാർശകളും നിർദ്ദേശങ്ങളും സർക്കാർ അതീവ ഗൗരവത്തോടെ കണക്കിലെടുക്കുമെന്നും അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുമെന്നും സമിതി പ്രത്യാശിക്കുന്നു. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി സർക്കാർ വിഭാവന ചെയ്യുന്ന ക്ഷേമ പരിപാടികളിലെല്ലാം നിതാന്ത ജാഗ്രത പുലർത്തുവാൻ ഈ ശിപാർശകളും നിർദ്ദേശങ്ങളും സഹായിക്കുമെന്ന് സമിതി കരുതുന്നു.

വി. എസ്. സുനിൽ കുമാർ,
*അദ്ധ്യക്ഷൻ,*
*ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 24.

<u>അനുബന്ധം</u>

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വകുപ്പ് | നിർദ്ദേശങ്ങൾ/ ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 9 | (1) പട്ടികജാതി പട്ടികവർഗ്ഗ വികസനം<br>(2) റവന്യൂ | പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും കൃഷിക്കും വീട്ടു വയ്ക്കുന്നതിനുമായി ഭൂമി തെരഞ്ഞെടുക്കുമ്പോൾ ആയത് ഉപയോഗത്തിന് പറ്റിയതാണോയെന്ന കാര്യം ബന്ധപ്പെട്ട വകുപ്പുകൾ പരിശോധന നടത്തി അവരിൽനിന്ന് സാക്ഷ്യപത്രം വാങ്ങേണ്ടതാണ്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോഴും പട്ടയവിതരണം നടത്തുമ്പോഴും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളെ കൂടി ബന്ധപ്പെടുത്തി നടപടിക്രമം പൂർത്തീകരിക്കേണ്ടതാണ്. പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നൽകിയ ഭൂമിയിന്മേൽ മറ്റൊരു വകുപ്പിനും അവകാശം ഉന്നയിക്കുന്നതിനോ മറ്റൊരു കാര്യത്തിനും അനുമതി നൽകുന്നതിനോ ഇട നൽകാത്ത തരത്തിലുള്ള നിയമനിർമ്മാണം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 10 | (1) പട്ടികജാതി പട്ടികവർഗ്ഗ വികസനം<br>(2) റവന്യൂ | പട്ടികജാതി പട്ടികവർഗ്ഗകാർക്ക് ഇതുവരെ നൽകിയ ഭൂമി സംബന്ധിച്ച വിശദാംശങ്ങളും ഭാവിയിൽ ഭൂമി നൽകുമ്പോൾ അവ സംബന്ധിച്ച വിശദാംശങ്ങളും റവന്യൂ വകുപ്പിലും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിലും പ്രത്യേകമായി രജിസ്റ്റർ ചെയ്ത് സൂക്ഷിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കേണ്ടതും ആയത് പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. ഇതിനുള്ള വ്യവസ്ഥകൾ ബന്ധപ്പെട്ട ചട്ടങ്ങളിൽ ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 3 | 11 | പട്ടികജാതി പട്ടികവർഗ്ഗ വികസനം | പട്ടികജാതി പട്ടികവർഗ്ഗകാർക്ക് സർക്കാർ നൽകുന്ന ഭൂമി അവരുടെ നിയമപരമായ അവകാശികൾക്കല്ലാതെ മറ്റാർക്കും തന്നെ കൈമാറ്റം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ പട്ടയവിതരണത്തിലോ നടപടികളിലോ ഉണ്ടാകരുതെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇതിനു വിരുദ്ധമായി കൈമാറ്റത്തിന് അനുമതിനൽകുന്ന വിധത്തിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെമേൽ കർശന ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനുമുള്ള വ്യവസ്ഥകൾ ബന്ധപ്പെട്ട ചട്ടങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്. |
| 4 | 12 | പട്ടികജാതി പട്ടികവർഗ്ഗ വികസനം | പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും സർക്കാർ നൽകുന്ന ഭൂമി അവർതന്നെ ഉപയോഗിക്കുന്നുവെന്ന കാര്യം ബന്ധപ്പെട്ട ഭരണ വകുപ്പ് നിരന്തരം നിരീക്ഷിക്കുന്നതിനും ആയത് സംബന്ധമായ വിവരം വാർഷിക ഭരണ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 13 | (1) പട്ടികജാതി പട്ടികവർഗ്ഗ വികസനം<br>(2) റവന്യൂ<br>(3) മൈനിംഗ് & ജിയോളജി | തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ നിർദ്ദിഷ്ട ഭൂമി വിതരണത്തിൽ റവന്യൂ, പട്ടികജാതി വികസനം, ഖനനം എന്നീ വകുപ്പുകൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും വീഴ്ച പറ്റിയതായി സമിതി വിലയിരുത്തുന്നു. ആയത് മാപ്പർഹിക്കാത്ത നടപടിയാണ്. ഇതിന് യുക്തമായ പരിഹാരനടപടി സ്വീകരിക്കേണ്ടതാണ്.<br>പട്ടികവിഭാഗങ്ങൾക്ക് ഭൂമി നൽകുന്ന പ്രക്രിയ കേവലം യാന്ത്രികമായി പോകാതിരിക്കുവാൻ സർക്കാർ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ശ്രദ്ധിക്കേണ്ടതാണ്. 1970-ൽ തലപ്പിള്ളി താലൂക്കിൽ നിർദ്ദിഷ്ട ഭൂമി നൽകുന്നതിനായി കണ്ടെത്തിയ 87 പട്ടികജാതി കുടുംബങ്ങളിൽ ഇന്ന് ജീവിച്ചിരിക്കുന്നവരോ ഇല്ലെങ്കിൽ അവരുടെ നിയമപരമായ പിൻതലമുറ ക്കാരെയോ പട്ടികജാതി വികസന വകുപ്പ് 4 മാസത്തിനുള്ളിൽ (2016 ജൂൺ 30-നകം) കണ്ടെത്തി വിവരം നിയമസഭാ സമിതിക്കു കൈമാറേണ്ട താണ്. ഇവർക്കു ഇതുവരെയും മറ്റു രീതിയിൽ കൃഷിഭൂമി നൽകിയിട്ടി ല്ലെങ്കിൽ അടുത്ത 2017 മാർച്ചിനകം സർക്കാർതന്നെ വില നൽകി ഭൂമി വാങ്ങേണ്ടതും സമിതി ശിപാർശകൾക്ക് വിധേയമായി ഭൂമി കൈമാറേണ്ടതു മാണ്. ഈ രീതിയിൽ പട്ടികജാതി സമൂഹത്തിനോട് ചെയ്ത അനീതിക്ക് പരിഹാരം കാണേണ്ടതാണ്. ഇതിനായി ഒരു പ്രത്യേക നോഡൽ ഓഫീസറെ നിയോഗിച്ച് നടപടി പുരോഗതി നിയമസഭാ സമിതിക്ക് എല്ലാ മാസവും ലഭ്യമാക്കേണ്ടതാണ്. |